**ത്വാംസേവതാം സുരകൃതാ ബഹവോ*f*ന്തരായാ:**
**സ്വൌകോ വിലംഘ്യ പരമം വ്രജതാം പദം തേ**
**നാന്യസ്യ ബർഹിഷി ബലീൻ ദദത: സ്വഭാഗാൻ**
**ധത്തേ പദം ത്വമവിതാ യദി വിഘ്ന മൂർദ്ധ്നി (11-4-10)**
**ക്ഷുത്തൃട്ത്രികാലഗുണമാരുതജൈഹ്യശൈശ്ന്യാ**
**നസ്മാനപാരജലധീനതിതീര്യ കേചിത്**
**ക്രോധസ്യ യാന്തി വിഫലസ്യ വശം പദേ ഗോർ**
**മ്മജ്ജന്തി ദുശ്ചരതപശ്ച വൃഥോത്സൃജന്തി (11-4-11)**

*ദ്രുമിള മുനി പറഞ്ഞു:*
ഇഹലോകവും സ്വർലോകങ്ങളും പാതാളങ്ങളുമെല്ലാം ഭഗവാൻെറ ശരീരമത്രെ. അദ്ദേഹം എല്ലാവരുടെ ഉള്ളിലും അധിവസിക്കുന്നതാകയാൽ 'പുരുഷൻ' എന്നറിയപ്പെടുന്നു. സകലജീവികളുടെയും ജീവൻ അവിടുന്നാണ്. രാജസബ്രഹ്മാവായി ഭഗവാൻ സൃഷ്ടി നടത്തുന്നു. സാത്വികവിഷ്ണുവായി സംരക്ഷ നൽകുന്നു. താമസരുദ്രനായി സംഹാരവും ചെയ്യുന്നു.

ആത്മജ്ഞാനം പ്രചരിപ്പിക്കുന്നതിനായി ഭഗവാൻ സ്വയം സനാതനമഹർഷിയായ നാരായണനായും നരനായും അവതാരമെടുത്തു. പണ്ടുകാലത്ത് ദക്ഷൻെറയും ധർമ്മയുടെയും പുത്രിയായ മൂർത്തിയിലാണ് ഭഗവാൻ ജനിച്ചത്. സ്വർഗ്ഗരാജനായ ഇന്ദ്രന് നാരായണൻ കഠിന തപസ്സിലേർപ്പെട്ടിരിക്കുന്നത് തന്നെ സ്ഥാനഭ്രഷ്ടനാക്കുവാനാണോ എന്ന സംശയം ഉണ്ടായിരുന്നു. അതുകൊണ്ട് പതിവുപോലെ ഇന്ദ്രൻ കാമദേവനെ അയച്ച് മുനിയുടെ തപസ്സിന് ഭംഗം വരുത്താൻ ഏർപ്പാടു ചെയ്തു. കാമദേവനും അപ്സരകന്യകമാരുടെ ഒരു സഞ്ചയവും നാരായണൻ തപസ്സനുഷ്ടിക്കുന്നിടത്തു ചെന്നു. അവർ മുനിയുടെ മുന്നിൽ തങ്ങളുടെ വിദ്യകൾ പ്രയോഗിച്ചപ്പോൾ അവയാൽ വശംവദനാകുന്നതിനു പകരം മുനി പുഞ്ചിരിയോടെ അവരെ എതിരേറ്റു സ്വാഗതം ചെയ്തു. വിനയാന്വിതനായി ഉപചാരങ്ങളും നൽകി. ദേവൻമാർ ആശ്ചര്യപ്പെട്ടു. അതേ സമയം ഭഗവാൻെറ (നാരായണൻ) സമീപത്ത് മറ്റൊരുപറ്റം കന്യകമാർ - അപ്സരസ്സുകളേക്കാൾ സൗന്ദര്യമുള്ളവർ - പ്രത്യക്ഷമായി. ഗർവ്വഭംഗം വന്ന കാമദേവനും കൂട്ടരും നാരായണനെ വണങ്ങി ഇങ്ങിനെ പറഞ്ഞു. ''അവിടുന്ന് മായക്കതീതൻ. അതുകൊണ്ട് ഞങ്ങളുടെ ബാലിശമായ വിളയാട്ടങ്ങൾ അങ്ങയെ ബാധിക്കുന്നില്ല. ആരാണോ തങ്ങളുടെ നിലയെ അതിശയിച്ചു കടന്നുപോകാൻ ശ്രമിക്കുന്നത് അവരുടെ പ്രയത്നങ്ങളെ ദേവൻമാർ തടസ്സപ്പെടുത്തുന്നു. എന്നാൽ അവരെ പ്രീതിപ്പെടുത്തുന്ന പക്ഷം അവർ വിഘ്നങ്ങളേതും നൽകുന്നില്ല. പക്ഷേ അവിടുത്തെ ഭക്തനെ ഒന്നുംതന്നെ ബാധിക്കുന്നില്ല. അവിടുത്തെ കൃപകൊണ്ട് വിഘ്നങ്ങൾക്കുമുകളിൽ ചവിട്ടിക്കയറി ഭക്തൻ ആ പാദങ്ങളിലേക്ക് ഉയർന്നു പോകുന്നു. ചിലർക്ക് ഞങ്ങളുടെ ദൂതൻമാരായ വിശപ്പ് ദാഹം തണുപ്പ് എന്നിവയെ അതിശയിച്ച് ജീവിക്കാനാവുന്നു. എന്നാൽ അവർ ക്രോധം എന്ന വികാരത്തിനടിമപ്പെട്ടും പോകുന്നു. സമുദ്രം പ്രയാസമില്ലാതെ തരണം ചെയ്തയാൾ ചെറിയൊരു കുഴിയിലെ വെള്ളത്തിൽ മുങ്ങിപ്പോകുംപോലെയാണത്. അങ്ങ് അവിടുത്തെ പ്രവൃത്തികൾ കൊണ്ട് ശരിയായ മാർഗ്ഗം കാണിച്ചിരിക്കുന്നു. അവിടുത്തെ ഭക്തൻ തൻെറ തപസ്സിനു ഭംഗം വരുത്തുന്നവരെപ്പോലും ശപിക്കുന്നില്ല. ദേവൻമാർ സ്വർഗ്ഗത്തിലേയ്ക്കു മടങ്ങി. കൂട്ടത്തിൽ നാരായണനെ സേവിച്ചിരുന്ന സുന്ദരിമാരിലഗ്രഗണ്യയായ ഉർവ്വശിയെ കൂടെ കൊണ്ടുപോവുകയും ചെയ്തു.

ഭഗവാൻ പലേ രൂപഭാവങ്ങളിൽ ധർമ്മസംസ്ഥാപനം നടത്തുകയും ദുഷ്ടരെ നിഗ്രഹിക്കുകയും ചെയ്തു. അങ്ങിനെയുള്ള അവതാരങ്ങൾ അനവധിയത്രെ. അവിടുത്തെ മഹിമയും സവിശേഷതയും ഗുണഗണങ്ങളും വർണ്ണനാതീതവും അനന്തവുമാണ്.